ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16.05.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. വിദേശ പര്യടനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നെതർലൻഡ്സിൽ. ഡച്ച് പ്രധാനമന്ത്രി റോബ് യെറ്റനുമായി ഉഭയകക്ഷി ചർച്ച നടത്തും.
   **PM Narendra Modi Arrives in Netherlands; Bilateral Talks with Dutch PM Rob Jetten Today.**
2. ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതവും സുഗമവുമായ കപ്പൽ ഗതാഗതം ഉറപ്പാക്കാനുള്ള ഇന്ത്യയുടെ പിന്തുണ ആവർത്തിച്ച് പ്രധാനമന്ത്രി.
   **Prime Minister Narendra Modi reaffirms India's support for safe and uninterrupted navigation through Strait of Hormuz.**
3. പെട്രോൾ കയറ്റുമതിക്ക് ലിറ്ററിന് മൂന്ന് രൂപ പ്രത്യേക അധിക എക്സൈസ് തീരുവ ചുമത്തി കേന്ദ്ര സർക്കാർ.
   **Centre Imposes Special Additional Excise Duty of ₹3 Per Litre on Petrol Exports.**
4. കേരളത്തിൽ മന്ത്രിസഭ രൂപീകരണത്തിനുള്ള നിർണായക ചർച്ചകൾ പുരോഗമിക്കുന്നു. യുഡിഎഫ് മന്ത്രിസഭയുടെ സത്യപ്രതിജ്ഞ തിങ്കളാഴ്ച.
   **Crucial Talks on Cabinet Formation Continue in Kerala; UDF Cabinet Swearing-in on Monday.**
5. ഡൽഹിയിൽ SIR നടപടികൾ ജൂൺ 30 ന് ആരംഭിക്കും; അർഹരായ എല്ലാവരെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

**Special Intensive Revision Process in Delhi to Begin on June 30; Aim is to Include All Eligible Voters in Electoral Roll, Says Election Commission of India.**

6. **ഐ.പി.എൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിങ്സിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് 7 വിക്കറ്റ് ജയം.**

**In Indian Premier League Cricket, Lucknow Super Giants Defeat Chennai Super Kings by 7 Wickets.**

**&&&&&&&&&&&&&&&&&&&&&&**

## PM-NETHERLANDS (INTRO)

ആറു ദിവസത്തെ വിദേശ പര്യടനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ രാത്രി നെതർലൻഡ്സിലെത്തി. യൂറോപ്യൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപരവും സാമ്പത്തികവുമായ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് സന്ദർശനം. ആംസ്റ്റർഡാം വിമാനത്താവളത്തിൽ ഡച്ച് വിദേശകാര്യ മന്ത്രി ടോം ബെറെൻഡ്സെൻ പ്രധാനമന്ത്രിയെ സ്വീകരിച്ചു. യുണൈറ്റഡ് അറബ് എമിറേറ്റ്സിലെ സന്ദർശനത്തിനു ശേഷമാണ് ശ്രീ മോദി നെതർലൻഡ്സിലെത്തിയത്.

**വിശദാംശങ്ങളിലേക്ക്.......**

**( വോയിസ്....)**

## PM-NETHERLANDS (VOICE)

സന്ദർശന വേളയിൽ ഡച്ച് പ്രധാനമന്ത്രി റോബ് ജെറ്റനുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഡച്ച് രാജാവിനെയും രാജ്ഞിയെയും സന്ദർശിക്കും. ഇന്ന് അദ്ദേഹം ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയും പ്രമുഖ ഡച്ച് കമ്പനികളുടെ സിഇഒമാരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യും. നെതർലൻഡ്സ് സന്ദർശനത്തിന് ശേഷം, പ്രധാനമന്ത്രി നാളെ സ്വീഡനിലെ ഗോഥെൻബർഗിലേക്ക് പോകും. സ്വീഡിഷ് പ്രധാനമന്ത്രി ഉൾഫ് ക്രിസ്റ്റേഴ്സണുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. സന്ദർശനത്തിന്റെ നാലാം പാദത്തിൽ, പ്രധാനമന്ത്രി തിങ്കളാഴ്ച നോർവേയിൽ എത്തും. നോർവീജിയൻ പ്രധാനമന്ത്രിയോടൊപ്പം ഇന്ത്യ-നോർവേ ബിസിനസ് ആൻഡ് റിസർച്ച് ഉച്ചകോടിയെ അദ്ദേഹം അഭിസംബോധന ചെയ്യും. ചൊവ്വാഴ്ച മൂന്നാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിയിലും ശ്രീ മോദി

പങ്കെടുക്കും. തുടർന്ന് ചൊവ്വാഴ്ച ഇറ്റലിയിലെത്തുന്ന പ്രധാനമന്ത്രി പ്രസിഡന്റ് സെർജിയോ മാറ്ററെല്ലയുമായും പ്രധാനമന്ത്രി ജോർജിയ മെലോണിയുമായും കൂടിക്കാഴ്ച നടത്തും.

**ന്യൂസ്ഡെസ്ക് ആകാശവാണി...**

**&&&&&&&&&&&&&&&&&&&&&**

**PM - HORMUZ**

ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതവും സുഗമവുമായ കപ്പൽ ഗതാഗതം ഉറപ്പാക്കാനുള്ള ഇന്ത്യയുടെ പിന്തുണ ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അബുദാബിയിൽ യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ഉന്നതതല ചർച്ച നടത്തുകയായിരുന്നു അദ്ദേഹം. യുഎഇയിൽ അടുത്തിടെയുണ്ടായ ആക്രമണങ്ങളെ പ്രധാനമന്ത്രി ശക്തമായി അപലപിച്ചു.

**&&&&&&&&&&&&&&&&&&&&&**

**IRAN FM**

പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ഇന്ത്യയ്ക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി. ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുത്ത ശേഷം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹോർമുസ് കടലിടുക്കിലൂടെ ഇന്ത്യൻ കപ്പലുകളെ കടത്തിവിടാൻ ഇറാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&&&&&&**

**GOVT-FUEL EXCISE DUTY**

പെട്രോൾ കയറ്റുമതിക്ക് ലിറ്ററിന് മൂന്ന് രൂപ പ്രത്യേക അധിക എക്സൈസ് തീരുവ ചുമത്തി കേന്ദ്ര സർക്കാർ. അതേസമയം ഡീസൽ കയറ്റുമതിയുടെ പ്രത്യേക അധിക എക്സൈസ് ഡ്യൂട്ടി 23 രൂപയിൽ നിന്ന് 16 രൂപ 50 പൈസയായി കുറച്ചതായി ധനമന്ത്രാലയം ഇന്നലെ പുറത്തിറക്കിയ വിജ്ഞാപനത്തിൽ പറയുന്നു. ഏവിയേഷൻ ടർബൈൻ ഇന്ധനത്തിന്റെ പ്രത്യേക അധിക എക്സൈസ് തീരുവ ലിറ്ററിന് 33 രൂപയിൽ നിന്ന് 16 രൂപയായും കുറച്ചു. പുതുക്കിയ നിരക്കുകൾ ഇന്ന് മുതൽ അടുത്ത രണ്ടാഴ്ചത്തേക്ക് പ്രാബല്യത്തിലുണ്ടാകും. ആഭ്യന്തര ഉപഭോഗത്തിനുള്ള

പെട്രോളിന്റെയും ഡീസലിന്റെയും നിലവിലുള്ള എക്സൈസ് ഡ്യൂട്ടി നിരക്കുകളിൽ മാറ്റമില്ല.

&&&&&&&&&&&&&&&&&&&&&

## PM-REJECT MEDIA REPORT

വിദേശ യാത്രകൾക്ക് സെസ്, നികുതി, സർചാർജ് എന്നിവ ചുമത്തുന്നത് സംബന്ധിച്ച മാധ്യമ റിപ്പോർട്ട് നിരസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിദേശ യാത്രകൾക്ക് അത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുക, വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുന്നത് ലളിതമാക്കുക തുടങ്ങിയവയ്ക്കുള്ള സർക്കാരിന്റെ പ്രതിബദ്ധത പ്രധാനമന്ത്രി ആവർത്തിച്ചു.

&&&&&&&&&&&&&&&&&&&&&

## TRUMP-IRAN-CHINA

ഹോർമുസ് കടലിടുക്ക് തുറക്കുമെന്നും ആണവായുധം സ്വന്തമാക്കാൻ ഇറാനെ അനുവദിക്കില്ലെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പശ്ചിമേഷ്യൻ പ്രതിസന്ധി അവസാനിപ്പിക്കാനുള്ള കരാറുകൾ ഇറാൻ പാലിക്കുന്നില്ലെന്ന് , ഒരു ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിൽ ട്രംപ് ആരോപിച്ചു. അതിനിടെ, ചൈന സന്ദർശന വേളയിൽ അമേരിക്കയും ചൈനയും പ്രധാന വ്യാപാര കരാറുകളിൽ ഒപ്പുവെച്ചതായി യുഎസ് പ്രസിഡന്റ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&

## ISRAEL LEBANON CEASEFIRE

ഇസ്രായേലും ലെബനനും തമ്മിലുള്ള വെടിനിർത്തൽ കാലാവധി 45 ദിവസത്തേക്ക് കൂടി നീട്ടാൻ ഇരുരാജ്യങ്ങളും സമ്മതിച്ചതായി യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്. വാഷിംഗ്ടണിൽ നടന്ന ചർച്ചകൾക്കൊടുവിലാണ് തീരുമാനം. ജൂൺ 2, 3 തീയതികളിൽ തുടർചർച്ചകൾ നടക്കുമെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് ടോമി പിഗോട്ട് അറിയിച്ചു. എന്നാൽ മേഖലയിൽ ഇരുവിഭാഗങ്ങളും തമ്മിലുള്ള ആക്രമണങ്ങൾ ഇപ്പോഴും തുടരുകയാണ്. തെക്കൻ ലെബനനിലെ ഹിസ്ബുള്ള കേന്ദ്രങ്ങൾക്ക് നേരെ ആക്രമണം നടത്തിയതായി ഇസ്രായേൽ സൈന്യം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&

## KERALA CABINET

കേരളത്തിൽ മന്ത്രിസഭ രൂപീകരണം സംബന്ധിച്ച നിർണായക ചർച്ചകൾ പുരോഗമിക്കുന്നു. യുഡിഎഫ് നേതൃയോഗം ഇന്ന് ചേരും. വി ഡി സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് മന്ത്രിസഭ തിങ്കളാഴ്ച സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ തമിഴ്നാട് മുഖ്യമന്ത്രി വിജയ്, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി തുടങ്ങിയവർക്ക് ഔദ്യോഗിക ക്ഷണമുണ്ട്. അതിനിടെ, മുഖ്യമന്ത്രി പ്രഖ്യാപനത്തിനു ശേഷം ആദ്യമായി സ്വന്തം ജില്ലയിലെത്തിയ വി.ഡി. സതീശന് എറണാകുളം ഡി.സി.സിയുടെ നേതൃത്വത്തിൽ ഇന്നലെ ഊഷ്മള സ്വീകരണം നൽകി.

&&&&&&&&&&&&&&&&&&&&&

## SIR - DELHI

ഡൽഹിയിൽ പ്രത്യേക വോട്ടർപട്ടിക പുതുക്കൽ തീവ്രയജ്ഞ നടപടികൾ ജൂൺ 30 ന് ആരംഭിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. അർഹരായ എല്ലാ വോട്ടർമാരെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുക, അല്ലാത്തവരെ ഒഴിവാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശീലനവും ആവശ്യമായ സാമഗ്രികളുടെ ക്രമീകരണങ്ങളും ജൂൺ 20 മുതൽ 29 വരെ നടക്കും. നിലവിൽ ഡൽഹിയിൽ 1.48 കോടിയിലധികം വോട്ടർമാരുണ്ട്. SIR പ്രക്രിയ പൂർത്തിയാക്കി അന്തിമ വോട്ടർപട്ടിക ഒക്ടോബർ 7-ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&&&&

## VP-SIKKIM VISIT

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് സിക്കിം സന്ദർശിക്കും. ഉപരാഷ്ട്രപതിയായതിനു ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ സിക്കിം സന്ദർശനമാണിത്. ഗാങ്ടോക്കിൽ നടക്കുന്ന സിക്കിമിന്റെ സംസ്ഥാന രൂപീകരണ ദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&

## CBSE-POST RESULT FACILITIES

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷാഫലത്തിൽ തൃപ്തരല്ലാത്ത വിദ്യാർത്ഥികൾക്ക് രണ്ട് ഘട്ടങ്ങളായുള്ള പുനഃപരിശോധനാ സംവിധാനം ഏർപ്പെടുത്തിയതായി സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷൻ. ഒന്നാം ഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് മൂല്യനിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾക്കായി ഈ മാസം 19 മുതൽ 22 വരെ ഓൺലൈനായി അപേക്ഷിക്കാം. ഒരു വിഷയത്തിന് 700 രൂപയാണ് ഫീസ്. രണ്ടാം ഘട്ടത്തിൽ മാർക്കുകളിലെ വ്യത്യാസങ്ങൾ പരിശോധിക്കുന്നതിനോ, വീണ്ടും മൂല്യനിർണ്ണയം നടത്തുന്നതിനോ ഈ മാസം 26 മുതൽ 29 വരെ അപേക്ഷ നൽകാമെന്നും CBSE അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## NEET EXAM (INTRO)

നീറ്റ് യുജി പുന: പരീക്ഷ ജൂൺ 21 ന് . മെയ് 3 ന് നടന്ന പരീക്ഷ, ചോദ്യപേപ്പർ ചോർച്ചയെ തുടർന്ന് നാഷണൽ ടെസ്റ്റിങ് ഏജൻസി റദ്ദാക്കിയിരുന്നു. വിദ്യാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ അടുത്ത മാസം 14 മുതൽ നൽകുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ന്യൂഡൽഹിയിൽ അറിയിച്ചു. ഒ.എം.ആർ പരീക്ഷാ രീതിയ്ക്ക് പകരം അടുത്ത വർഷം മുതൽ കമ്പ്യൂട്ടർ അധിഷ്ഠിത രീതിയിലായിരിക്കും പരീക്ഷ നടത്തുകയെന്നും അദ്ദേഹം പറഞ്ഞു. ( വോയിസ്....)

&&&&&&&&&&&&&&&&&&&&&&

## NEET - CBI

നീറ്റ് ചോദ്യ പേപ്പർ ചോർച്ച ക്രമക്കേടുകളിൽ മുഖ്യസൂത്രധാരനെന്ന് കരുതുന്ന ആളെ സിബിഐ അറസ്റ്റ് ചെയ്തു. നാഷണൽ ടെസ്റ്റിങ് ഏജൻസിക്ക് വേണ്ടി പരീക്ഷാ നടപടികളിൽ പങ്കാളിയായിരുന്ന കെമിസ്ട്രി ലക്ചറർ പി.വി. കുൽക്കർണിയാണ് പൂനെയിൽ പിടിയിലായത്. ചോദ്യപേപ്പറുകൾ കൈകാര്യം ചെയ്യാൻ ഇയാൾക്ക് അനുമതിയുണ്ടായിരുന്നു.

&&&&&&&&&&&&&&&&&&&&&&

## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നലെ ചെന്നൈ സൂപ്പർ കിങ്സിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് 7 വിക്കറ്റ് വിജയം. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ചെന്നൈ സൂപ്പർ കിങ്സ് നിശ്ചിത 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 187 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ലഖ്നൗ സൂപ്പർ ജയൻറ്സ് 38 പന്തിൽ 90 റൺസ് നേടിയ മിച്ചൽ മാർഷിന്റെ കരുത്തിൽ 16.4 ഓവറിൽ വിജയലക്ഷ്യം മറികടന്നു. മാർഷ് തന്നെയാണ് മത്സരത്തിലെ താരം. എന്നാൽ വിജയത്തിനു ശേഷവും ലഖ്നൗ സൂപ്പർ ജയന്റ്സ് പോയിന്റ് പട്ടികയിൽ ഏറ്റവും അവസാന സ്ഥാനത്താണ്.

&&&&&&&&&&&&&&&&&&&&&&

## THAILAND OPEN

ബാങ്കോക്കിൽ നടക്കുന്ന തായ്ലൻറ് ഓപ്പൺ ബാഡ്മിൻറൺ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായ്രാജ് രങ്കിറെഡ്ഡി – ചിരാഗ് ഷെട്ടി സഖ്യം മലേഷ്യൻ സഖ്യത്തെ നേരിടും. ഇന്നലെ നടന്ന ക്വാർട്ടർ ഫൈനലിൽ ജാപ്പനീസ് സഖ്യത്തെ 21-12, 21-13 എന്ന സ്കോറിനാണ് ഇന്ത്യൻ താരങ്ങൾ പരാജയപ്പെടുത്തിയത്. അതേസമയം പി വി സിന്ധു, ലക്ഷ്യ സെൻ എന്നിവർ ടൂർണമെൻറിൽ നിന്നും പുറത്തായി.

&&&&&&&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ കാലവർഷം മെയ് 26ന് എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വരും ദിവസങ്ങളിലും സംസ്ഥാനത്ത് ശക്തമായ മഴ തുടരും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റും, മോശം കാലാവസ്ഥയും കണക്കിലെടുത്ത്, കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&&&&&

## KOZHIKODE - CAR - FIRE

കോഴിക്കോട് പേരാമ്പ്ര ചെറുവണ്ണൂരിൽ ഓടിക്കൊണ്ടിരുന്ന കാറിനു തീപിടിച്ച് യാത്രക്കാരി മരിച്ചു. കക്കറമുക്ക് സ്വദേശിനി സോനയാണ്

മരിച്ചത്. പരിക്കേറ്റ ഭർത്താവ് റിജിൻലാലിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&

**AKASAVANI – CYCLATHON**

ആകാശവാണി തൊണ്ണൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം നിലയം സംഘടിപ്പിക്കുന്ന സൈക്ലത്തോൺ നാളെ നടക്കും. രാവിലെ 7.30 ന് കവടിയാറിൽ നിന്ന് ആരംഭിക്കുന്ന സൈക്ലത്തോൺ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. മാനവീയം വീഥി, നിയമസഭാ മന്ദിരം, സ്റ്റാച്യു വഴി ആകാശവാണി വരെയാണ് സൈക്ലത്തോൺ.

&&&&&&&&&&&&&&&&&&&&&&

**LOK SABHA–COMMITTEE**

വനിതാ ശാക്തീകരണത്തിനായുള്ള പാർലമെന്ററി സമിതി രൂപീകരിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർള. ലോക്സഭാംഗം ദഗ്ഗുബാട്ടി പുരന്ദേശ്വരിയെ സമിതി അധ്യക്ഷയായി നിയമിച്ചു. ലോക്സഭയിൽ നിന്ന് 18 പേരും രാജ്യസഭയിൽ നിന്ന് 10 പേരും ഉൾപ്പെടെ 28 പേരാണ് സമിതിയിലുള്ളത്.

&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&